(ജെ) എസ്.എൻ.സി. ലാവലിൻ ഒരു ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന സംഘടനയാണോ എന്ന് വ്യക്തമാക്കാമോ ;

(കെ) ഈ കമ്പനി കരാർ പണികൾ ഏറ്റെടുത്ത് നടത്തുന്ന കമേഴ്സ്യൽ സ്ഥാപനമാണെന്ന് ഗവൺമെന്റിനറിവുണ്ടോ ;

(എൽ) ഈ കമ്പനി നടത്തിയതായി ആരോപിക്കപ്പെട്ട ക്രമക്കേട് സംബന്ധിച്ച് സംസ്ഥാനത്ത വിജിലൻസ് അന്വേഷണം നിലവിലുള്ളതായി അറിവുണ്ടോ ?

ഉത്തരം

(എ) തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രിയുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്ന ജോലികൾ പുരോഗതിയിലാണ്.

(ബി) നിർമ്മാണ ജോലികൾ നടത്തുന്നത് എസ്.എൻ.സി. ലാവലിൻ ആണ്.

(സി) നിർമ്മാണ ജോലികൾക്കായി ഉദ്ദേശം 310 ലക്ഷം രൂപയുടെ കരാറുകൾ നൽകികഴിഞ്ഞു.

(ഡി) സംസ്ഥാന സർക്കാർ ഇതുവരെ 160 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കാനഡ സർക്കാർ, ഇവിടെയുള്ള പ്രവിശ്യാ സർക്കാരുകൾ സിഡ ഉൾപ്പെടെയുള്ള മറ്റു വിവിധ ഏജൻസികൾ എന്നിവയിൽ നിന്നുമാണ് സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നത്.

(എഫ്) ധനസഹായം സ്വരൂപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗതിയിലാണ്.

(ജി) കനേഡിയൻ ഗവൺമെന്റ് സാമൂഹ്യ സേവന രംഗത്ത് നൽകി വരുന്ന ഗ്രാന്റിന്റെ ഭാഗമായാണ് ഈ സഹായം ലഭ്യമാക്കുന്നത്.

(എച്ച്) സർക്കാരിൽ മുഖ്യമന്ത്രി, വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി തലങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. കരാർ ഒപ്പ് വച്ചിട്ടില്ല.

(ഐ) കേരള സർക്കാരും എസ്.എൻ.സി. ലാവലിനും തമ്മിലുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ ജോലികൾ നടത്തുന്നത്.

(ജെ) അറിവില്ല.

(കെ) ഈ കമ്പനി കരാർ പണികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.

(എൽ) ഉണ്ട്.

കൂത്തുപറമ്പ് ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനങ്ങൾ

127 (295) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആശുപത്രിക്ക് മൊത്തം വേണ്ടി വരുന്ന ചെലവ് എത്രയാണ് ;

(സി) ആരുടെയെല്ലാം സാമ്പത്തിക പങ്കാളിത്തം ഈ ആശുപത്രിയുടെ നടത്തിപ്പിൽ ഉണ്ടെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഏതെങ്കിലും കനേഡിയൻ കമ്പനി ഈ ആശുപത്രിക്കു വേണ്ടി സാമ്പത്തിക സഹായം നൽകിയോ എങ്കിൽ എത്ര ;

(ഇ) സാമ്പത്തിക സഹായം നൽകിയ കനേഡിയൻ കമ്പനിയും ഇലക്ട്രിസിറ്റി ബോർഡുമായി ഉള്ള സാമ്പത്തിക സാങ്കേതിക സഹകരണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ക്യാൻസർ ആശുപത്രിയുടെ ഭരണസമിതി അംഗങ്ങൾ ആരെല്ലാം ;

(ജി) ക്യാൻസർ ആശുപത്രിക്ക് സാമ്പത്തിക സഹായം നൽകിയതിന് പകരമായി കനേഡിയൻ കമ്പനിക്ക് എന്തെങ്കിലും സഹായമോ സൗജന്യമോ ഇലക്ട്രിസിറ്റി ബോർഡ് നൽകിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ആശുപത്രിക്കായി കനേഡിയൻ കമ്പനി സഹായം നൽകാൻ പ്രത്യേകിച്ച് വല്ല കാരണവും ഉണ്ടോ ;

(ഐ) കനേഡിയൻ കമ്പനി നൽകിയ സാമ്പത്തിക സഹായം പൂർണ്ണമായും ആശുപത്രിക്ക് വേണ്ടി തന്നെയാണോ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കൂത്തുപറമ്പിൽ പവർ വകുപ്പിന്റെ കീഴിൽ ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

(ബി-ഐ) പ്രസക്തമല്ല.

മലബാറിൽ കാൻസർ ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

128 (296) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പുനരുദ്ധാരണ പദ്ധതിയുടെ പേരിൽ മലബാറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കാൻസർ ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര കോടി രൂപയാണ് ഈ ഹോസ്പിറ്റലിനുവേണ്ടി നീക്കി വച്ചിരിക്കുന്നത് ;

(സി) ഇതിനുവേണ്ടി സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly